**10399/K17/KSHO** **04/02/2019**

**കുടുംബശ്രീ ഫോട്ടോഗ്രഫി മത്സരം- 'കുടുംബശ്രീ ഒരു നേർച്ചിത്രം രണ്ടാം സീസൺ'**

**വിജ്ഞാപനം**

---

**നിയമാവലി**

1. 2019 ഫെബ്രുവരി 06 മുതൽ മാർച്ച് 15 വരെ ഫോട്ടോകൾ അയയ്ക്കാം. മാർച്ച് 15ന് വൈകുന്നേരം 5ന് ശേഷം കിട്ടുന്ന ഫോട്ടുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല. ഒരാൾക്ക് അഞ്ച് ഫോട്ടോകൾ വരെ അയയ്ക്കാം.

2. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന ചിത്രങ്ങളാണ് അയയ്ക്കേണ്ടത്. ഫോട്ടോയ്ക്കൊപ്പം അതിനെക്കുറിച്ചുള്ള ലഘുവിവരണവും (ഏത് പ്രദേശത്തെ ഏത് അയൽക്കൂട്ടത്തിലെ സ്ത്രീകൾ, ഏത് കുടുംബശ്രീ യൂണിറ്റ് എന്നിങ്ങനെയുള്ള വിവരങ്ങൾ) നൽകണം.

3. ഫോട്ടോകൾ **kudumbashreeprcontest@gmail.com** എന്ന ഇ- മെയിൽ വിലാസത്തിലോ സിഡിയിലാക്കി വാട്ടർമാർക്ക് ചെയ്യാതെ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാ ന മിഷൻ ഓഫീസ്, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിങ്, മെഡിക്കൽ കോളേജ്, തിരുവന ന്തപുരം- 695011 എന്ന വിലാസത്തിലോ അയയ്ക്കാം. 'കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോ ഗ്രഫി മത്സരം' എന്ന് കവറിന് മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അയയ്ക്കു ന്നയാളുടെ പേര്, വിലാസം. ഇ- മെയിൽ വിലാസം, ഫോൺ നമ്പർ എന്നിവയും വ്യക്തമായി നൽകണം.

4. ലഭിക്കുന്ന ഫോട്ടോകൾ വിദഗ്ധ ജൂറി പരിശോധിച്ച് വിലയിരുത്തിയാകും സമ്മാനർഹരെ കണ്ടെത്തുന്നത്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും

5. മത്സരത്തിനായി അയയ്ക്കുന്ന ഫോട്ടോകൾ ഔദ്യോഗികമായ ആവശ്യങ്ങൾക്ക് ഉപയോഗി ക്കാനുള്ള അവകാശം കുടുംബശ്രീയ്ക്കുണ്ടായിരിക്കുന്നതാണ്.

8. ഒന്നാം സ്ഥാനം നേടുന്ന ചിത്രത്തിന് 20000 രൂപയും രണ്ടാം സ്ഥാനം നേടുന്ന ചിത്രത്തിന് 10000 രൂപയും മൂന്നാം സ്ഥാനത്തെത്തുന്ന ചിത്രത്തിന് 5000 രൂപയും സമ്മാനമായി ലഭിക്കും. മറ്റ് മികച്ച പത്ത് ചിത്രങ്ങൾക്ക് സമാശ്വാസ സമ്മാനമായി 1000 രൂപ വീതവും ലഭിക്കും.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ